**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം,**
**കേരളം, തിരുവനന്തപുരം**
(സാന്നിദ്ധ്യം: ഡി.രാജീവ്, ഐ.ഒ.എഫ്.എസ്)

വിഷയം :- എക്സൈസ് ഭരണപരം - എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ഹരികുമാർ C.H-ന്റെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നമ്പർ XD3-2499/2010(Vol.II) തീയതി 0.2.01.2013
2) ഉത്തരവ് നമ്പർ XD3-76310/2018 തീയതി 08.10.2018
3) തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് ഇൻസ്പെക്ടർമാരുടെ 18.11.2020-ലെ EDOTSR/1217/2020-R1 നമ്പർ കത്ത്.
4) എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ഹരികുമാർ C.H-ന്റെ 10.11.2020-ലെ അപേക്ഷ.
5) സ.ഉ(സാധാ) 951/2019/നി.വ തീയതി 12.12.2019

**ഉത്തരവ് നമ്പർ XD3-268768/2020- തീയതി:22.01.2021**

ശ്രീ. C.H.ഹരികുമാർ പ്രിവന്റീവ് ഓഫീസർമാരുടെ 01.07.2003 മുതൽ 31.12.2008 വരെയുള്ള അന്തിമസീനിയോരിറ്റി ലിസ്റ്റിൽ ക്രമനം. 411 ആയി ഉൾപ്പെട്ടിരുന്നു. തുടർന്ന് ചാലക്കുടി റേഞ്ച് ഓഫീസിലെ വിജിലൻസ് പരിശോധനയുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി നിലനിന്നിരുന്നതിനാൽ യഥാസമയം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ശ്രീ. C.H.ഹരികുമാറിന് പ്രൊമോഷൻ ലഭിച്ചിരുന്നില്ല. നിലവിൽ ടിയാനെതിരെ ഉണ്ടായിരുന്ന അച്ചടക്കനടപടി സൂചന (5) ഉത്തരവ് പ്രകാരം അച്ചടക്കനടപടികളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ശ്രീ. C.H.ഹരികുമാർ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോരിറ്റി പുന:സ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രിവന്റീവ് ഓഫീസർമാരുടെ 01.07.2003 മുതൽ 31.12.2008-വരെയുള്ള സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ. C.H.ഹരികുമാറിന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ. റെനി ഫർണാണ്ടസ് (ക്രമനം. 414) 21.06.2017-ലെ XD3-29422/2017 നമ്പർ ഉത്തരവിൻ പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.06.2017-മുതൽ 30.06.2018-വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനം.11-ആയി ഉൾപ്പെട്ടിട്ടുണ്ട്. മേൽ

സാഹചര്യത്തിൽ ശ്രീ. C.H.ഹരികുമാറിന് ടിയാന്റെ തൊട്ടു ജൂനിയറായ ശ്രീ. റെനി ഫെർണാണ്ടസിന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് 21.06.2017 തീയതിയിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നോഷണലായി സ്ഥാനക്കയറ്റം നൽകിയും, അപ്രകാരം ശ്രീ. C.H.ഹരികുമാറിനെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.06.2017-മുതൽ 30.06.2018-വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനം. 10 ശ്രീ. കാർത്തികേയ പ്രസാദിനും, ക്രമനം.11 ശ്രീ. റെനി ഫർണാണ്ടസിനും ഇടയിലായി 10 A-ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഇപ്രകാരം സൂചന(2) പ്രകാരം പുറപ്പെടുവിച്ച അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.06.2017-മുതൽ 30.06.2018-വരെയുള്ള സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ. C.H.ഹരികുമാറിനെ ക്രമനം. 52 -ഉൾപ്പെടുത്തിയ സ്ഥാനം റദ്ദ് ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ഒപ്പ്/-
അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)

ഗ്രാഹകൻ:-

1) ശ്രീ. C.H.ഹരികുമാർ,
എക്സൈസ് ഇൻസ്പെക്ടർ,
എക്സൈസ് റേഞ്ച് ഓഫീസ്, പഴയന്നൂർ,

2) അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.06.2017-മുതൽ 30.06.2018-വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും.

പകർപ്പ്:-

1) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, തൃശ്ശൂർ.
2) IT Cell (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) ഉത്തരവ് ഫയൽ/ കരുതൽ ഫയൽ

അംഗീകാരത്തോടെ,

സൂപ്രണ്ട്.

എം എ